# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.639** **25.05.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറി വില്പന വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടി**

| | ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എം.വിൻസെന്റ്<br>ശ്രീ. എ.പി.അനിൽ കുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയുടെ വില്പന വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ), (ബി) & (സി) | 50/- രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില കൂടി 30/- രൂപയാക്കി കുറച്ചുകൊണ്ടും, സമ്മാന ശതമാനത്തിലും സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തിയും, എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിലൂടെ ലോട്ടറി വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ലോട്ടറി വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, മൂന്ന് താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ എന്നിവയ്ക്ക് പുറമേ 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ജൂൺ 1 മുതൽ നറുക്കെടുക്കുന്ന സംസ്ഥാന ലോട്ടറികളുടെ ടിക്കറ്റ് വില കുറയ്ക്കുവാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | സമ്മാനത്തുകയിൽ എന്തെങ്കിലും വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | | |
| (ഡി) | വ്യാജടിക്കറ്റുകളും നമ്പർ തിരുത്തിവരുന്ന ടിക്കറ്റുകളും കണ്ടുപിടിക്കുവാൻ ഉള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ബാർകോഡ്, സീക്രട്ട്കോഡ്, ടിക്കറ്റ് കടക്കുറ്റിയുമായി യോജിപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ വ്യാജ ടിക്കറ്റുകളും, നമ്പർ തിരുത്തി വരുന്ന ടിക്കറ്റുകളും കണ്ടുപിടിക്കുവാൻ നിലവിൽ സാധിക്കുന്നുണ്ട്. ഇതിനുപുറമെ Microprinting, Opaque Text, Currency Strips മുതലായ സുരക്ഷാമാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി ജൂൺ മാസത്തെ |

| | | | |
|---|---|---|---|
| | | | നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷാമാർഗ്ഗങ്ങൾ ഉൾപ്പെടുത്തി ടിക്കറ്റുകൾ ഡിസൈൻ ചെയ്യുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ C-Dit-മായി ചേർന്ന് Security Design Laboratory സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**